ഉത്തരം

(എ) 4,189 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വർഷം/ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 3,570 കേസ്സുകൾ നടപടി പൂർത്തിയാക്കി കോടതികളിൽ സമർപ്പിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയാനായി ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നതും അതിക്രമങ്ങൾ നിയന്ത്രിക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള നിയമപരിരക്ഷയെക്കുറിച്ച് അവരെ ബോധവൽക്കരിച്ചും എസ്.സി./എസ്.ടി. മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് ആയതിന്റെ പ്രവർത്തനം അവലോകനം ചെയ്തും മറ്റും ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. സംസ്ഥാന പോലീസ് മേധാവിയുടെകീഴിൽ പട്ടികജാതി-പട്ടികവർഗ്ഗ സംരക്ഷണ സെൽ രൂപീകരിച്ചുകൊണ്ട് 4-11-2015-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.

ജീവപര്യന്തം തടവിൽ കഴിയുന്നവരുടെ മോചനം

272 (282) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവപര്യന്തം ശിക്ഷ ലഭിച്ച് സംസ്ഥാനത്തെ ജയിലുകളിൽ തടവിൽ കഴിയുന്നവർ എത്ര ; സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ എത്ര പേരെ ജയിലുകളിൽനിന്നും മോചിപ്പിക്കാൻ ഉദ്ദേശിക്കുന്നു ;

(ബി) എത്ര കാലം തടവുശിക്ഷ അനുഭവിച്ചവരെയാണ് മോചിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ; ഇത് സംബന്ധിച്ച മാനദണ്ഡം വിശദമാക്കാമോ ;

(സി) മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ മോചനത്തിനർഹരായവർ എത്ര ; വിശദമാക്കാമോ ?

ഉത്തരം

(എ-സി) 1231. 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടം 462 പ്രകാരം ജയിലുകളിൽ രൂപീകൃതമായിട്ടുള്ള ജയിൽ ഉപദേശക സമിതി, ക്രിമിനൽ നടപടി സംഹിത 433A-യിൽ നിഷ്കർഷിച്ചിട്ടുള്ള

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കാലാവധി പൂർത്തിയാക്കിയിട്ടുള്ള തടവുകാരെ പോലീസ്/പ്രൊബേഷൻ റിപ്പോർട്ടുകൾകൂടി പരിഗണിച്ച് ലഭ്യമാക്കുന്ന ശിപാർശ സ്വീകരിച്ചാണ് ജീവപര്യന്തം തടവുകാർക്ക് അകാലവിടുതൽ നൽകുന്നത്. ആയതിനാൽ എത്ര ജീവപര്യന്തം തടവുകാരെ വിട്ടയയ്ക്കുമെന്ന് മുൻകൂട്ടി തീരുമാനിക്കുവാൻ സാധിക്കുകയില്ല.

ഹർത്താൽ ദിനത്തിൽ ചാലക്കുടി മണ്ഡലത്തിലെ ആക്രമണം

273 (283) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂർക്കനാട് സംഭവത്തെ തുടർന്ന്, ഹിന്ദു ഐക്യവേദി ആഹ്വാനംചെയ്ത ഹർത്താൽ ദിനത്തിൽ, ചാലക്കുടി മണ്ഡലത്തിലെ 4 കപ്പേളകളും ഒരു പള്ളിയും കല്ലെറിഞ്ഞ് ആക്രമണം നടത്തിയ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്നും ഈ കേസ്സിൽ ഏതെങ്കിലും പ്രതികളെ പിടികൂടിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) ഇരിങ്ങാലക്കുട എസ്.ഐ.-യുടേയും, സഹോദരന്റേയും വെറ്റിലപ്പാറയിലെ വസതിക്കു നേരെയുള്ള ആക്രമണം ,ബൈക്ക് കത്തിക്കൽ എന്നിവയെത്തുടർന്ന് എസ്.ഐ-യ്ക്ക് പുതുതായി ബൈക്ക് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) മൂർക്കനാട് സംഭവത്തെ തുടർന്ന് ഹിന്ദു ഐക്യവേദി ആഹ്വാനം ചെയ്ത ഹർത്താലിനോടനുബന്ധിച്ച് ചാലക്കുടി മണ്ഡലത്തിലെ 4 കപ്പേളകൾ ആക്രമിച്ചതിന് ചാലക്കുടി പോലീസ് സ്റ്റേഷനിൽ 4 കേസുകൾ രജിസ്റ്റർ ചെയ്തു. ടി കേസ്സുകളിലെ പ്രതികളെ ആരെയും തിരിച്ചറിയുവാനോ അറസ്റ്റ് ചെയ്യുവാനോ സാധിച്ചിട്ടില്ല. പ്രസ്തുത കേസ്സുകൾ 'undetected' ആയി കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ചുണ്ടായ ഇരിങ്ങാലക്കുട എസ്.ഐ.-യുടെ വസതി ആക്രമിച്ച കേസിൽ 2 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഇരിങ്ങാലക്കുട എസ്.ഐ.-യുടെ വീടിനുനേരെയുള്ള ആക്രമണത്തിൽ അഗ്നിക്കിരയാക്കിയ ബൈക്കിന് പകരം പുതിയ ബൈക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് മേധാവി ഒരു പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച തീരുമാനമൊന്നും ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly